പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5246 — 27/07/2015 ൽ മറുപടിയ്ക്ക്

## വൈക്കം നിയോജക മണ്ഡലത്തിലെ റീസർവ്വേ പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വൈക്കം നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ റീസർവ്വേ ജോലികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വൈക്കം നിയോജക മണ്ഡലത്തിൽ ഒരു വില്ലേജിലും റീസർവ്വേ പൂർത്തിയാക്കിയിട്ടില്ല. |
| (ബി) ഇനിയും റീസർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ള വില്ലേജുകൾ ഏതൊക്കെയാണ്; ജോലികൾ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം എന്തൊക്കെയാണ്; പൂർത്തിയാകാത്ത വില്ലേജുകളിൽ റീസർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) ചെമ്പ്, വെള്ളൂർ, കെ.എസ്.മംഗലം, വടക്കേമുറി, ഉദയനാപുരം, നടുവില, വൈക്കം, റ്റി.വി.പുരം, വടയാർ, തലയാഴം, വെച്ചൂർ, കല്ലറ എന്നീ വില്ലേജുകളിലാണ് റീസർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ളത്. സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. പാലാ സൂപ്രണ്ടാഫീസിൽ നിന്നും 7 സർവെയർമാരെയും, ചങ്ങനാശ്ശേരി റീസർവ്വേ സൂപ്രണ്ടാഫീസിൽ നിന്നും 5 സർവ്വേയർമാരെയും വൈക്കം റീസർവ്വേ സൂപ്രണ്ടാഫീസിൽ നിന്നും 8 സർവ്വേയർമാരെയും റീസർവ്വേ ജോലികളുടെ പ്രാരംഭ നടപടികൾക്കായുള്ള റിക്കാർഡ് കളക്ഷൻസ് ജോലികൾക്ക് നിയോഗിച്ചിട്ടുണ്ട്. |
| (സി) വൈക്കം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീസർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) വൈക്കം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീസർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ